**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *80 — 04.03.2020-ൽ മറുപടിക്ക്

## പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, ജി.എസ്.ജയലാൽ<br>,, എൽദോ എബ്രഹാം :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പൊതുവിദ്യാലയ പ്രവേശനം നേടുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ വിനിമയ ഭാഷയിൽ നിന്നും പഠന മാധ്യമമായ മലയാളത്തിലേക്ക് വരുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | എ) | പൊതുവിദ്യാലയ പ്രവേശനം നേടുന്ന പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ വിനിമയ ഭാഷയിൽ നിന്നും പഠന മാധ്യമമായ മലയാള ത്തിലേയ്ക്ക് വരുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ് "ഗോത്രബന്ധു" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിച്ച് കൊഴിഞ്ഞുപോക്ക് കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട റ്റി.റ്റി.സി/ബി.എഡ്/ ഡി.എഡ് പാസായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 26 പേരെ മെന്റർ ടീച്ചർമാരായി നിയമിച്ചു. പാലക്കാട് ജില്ലയിലെ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) പട്ടികവർഗ്ഗക്കാർ കൂടുതലായുള്ള മേഖലകളിലെ 30 സർക്കാർ/എയ്ഡഡ് സ്കൂളുകളിലും മലപ്പുറം ജില്ലയിലെ 29 സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | ഗോത്രഭാഷ അറിയുന്ന പട്ടികവർഗ വിഭാഗക്കാരായ അദ്ധ്യാപകരെ സ്കൂളു കളിൽ നിയമിച്ച് ഈ പ്രതിസന്ധി മറികടന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) | ഉണ്ട്. മെന്റർ ടീച്ചർമാർ ഭാഷാപ്രശ്നം പരിഹരിക്കുന്ന തിനായി ഒന്നാം ക്ലാസിലെ അദ്ധ്യാപകർക്ക് ഒപ്പം നിന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സഹായി ക്കുകയും, സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളെ ഇടപഴകിക്കുവാനുള്ള വേദി ഒരുക്കുകയും സഹ അദ്ധ്യാപകർക്ക് ഗോത്ര സാംസ്കാരിക പാരമ്പര്യത്തിലും ഗോത്രവർഗ്ഗ കലാരൂപങ്ങളിലും ധാരണ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | അദ്ധ്യാപന യോഗ്യതയുള്ള എല്ലാ പട്ടികവർഗ വിഭാഗക്കാർക്കും ജോലി ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) | അദ്ധ്യാപന യോഗ്യതയുള്ള എല്ലാ പട്ടിക വർഗക്കാർക്കും ജോലി ലഭ്യമാക്കുന്നതിനുള്ള നടപടി ഘട്ടം ഘട്ടമായി വകുപ്പ് സ്വീകരിച്ചുവരുന്നു. വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലായി അദ്ധ്യാപന യോഗ്യതയുള്ള 267 പേരെ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലും (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) മലപ്പുറം ജില്ലയിലുമായി 59 പേരെ കൂടി പദ്ധതി പ്രകാരം നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. മറ്റ് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.<br><br>ഇതിനുപുറമെ, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ കോളനികളിൽ ആരംഭിച്ച "സാമൂഹ്യപഠനമുറി" കളിൽ ഫെസിലിറ്റേറ്റർമാരായി അദ്ധ്യാപന യോഗ്യതയുള്ള 100 പേരെ നിയമിച്ചിട്ടുണ്ട്. 150 സാമൂഹ്യ പഠനമുറികൾ കൂടി ആരംഭിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. പ്രസ്തുത സാമൂഹ്യ പഠന മുറികൾ ആരംഭിക്കുന്നതോടുകൂടി അദ്ധ്യാപന യോഗ്യതയുള്ള 150 പേർക്ക് കൂടി ജോലി നൽകുവാൻ സാധിക്കുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന് ശേഷം വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഡി) | വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം 241 മെന്റർ ടീച്ചർമാരെ നിയമിച്ചു. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**